61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 640 Participant Code: 111

# എനിക്കും ജീവിക്കണം.!

ഇവിടെ, ഈ ജനലരികിൽ ഇരുന്നാൽ മതി...
ഏഴരയുടെ വണ്ടി പതിവുമുടക്കാതെ ഇന്നും കൂകി. ഇന്നും അത്
ആലിപ്പൂർ സ്റ്റേഷനിൽ നിറുത്തി. പുതിയതായി വരുന്നവരെ കൂട്ടാൻ
ഇപ്പോൾ സതീശൻ ചെന്നിട്ടുണ്ടാകും... 'അവളെ' തന്റെ ചിന്തകളിൽ-
നിന്നുണർത്താൻ താഴെ നിന്നുള്ള ശബ്ദകോലാഹലങ്ങൾ തന്നെ
ധാരാളമായിരുന്നു. അറിഞ്ഞുകൊണ്ടു വരുന്നവരും അറിയാതെ ചതിക്ക-
പ്പെട്ട് എത്തുന്നവരും ഈ കൂട്ടത്തിലുണ്ടാകും. സ്വർഗ്ഗമെന്ന് കരുതി
എത്തുന്നിടം നരകമാണെന്ന് അവർ തിരിച്ചറിയുമ്പോഴേക്കും സമയം
വൈകിയിരിക്കും. തനിക്ക് സംഭവിച്ചതും അതല്ലേ എന്ന് 'അവൾ' ഒരു
നെടുവീർപ്പോടെ ഓർത്തു. താനും പറന്നുയരാൻ കൊതിച്ചത്
അതിരുകളില്ലാത്ത ആകാശത്തേക്കായിരുന്നു... എന്നാൽ ചിറകു
വിടർത്തും മുമ്പേ തളർന്നു വീണു. ജീവിക്കാൻ കൊതിച്ചതുകൊണ്ടോ...
അതോ വലക്കണ്ണികൾ തടഞ്ഞതിനാലോ...! എല്ലാം ഈ നാല്
ചുവരുകൾക്കുള്ളിലെ നരകത്തിൽ തകർന്നുപോയി. അല്ല, ഇതു
തന്നെയല്ലേ തനിക്കു സ്വർഗ്ഗം. "സ്വന്തം അസ്തിത്വം പോലും തിരിച്ചറിയാ-
നാകാത്ത നിനക്കൊക്കെ ഇതിൽ കവിഞ്ഞൊരു സ്വർഗ്ഗം കിട്ടാനുണ്ടോ
സാക്ഷീ...?" ആദ്യമായി ഇവിടെ എത്തിയപ്പോൾ അരുന്ധതീദീദി
പറഞ്ഞ വാക്കുകൾ വീണ്ടും കാതുകളിൽ പ്രതിധ്വനിച്ചു.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

**61st Kerala State School Kalolsavam - Jan 03 To 07, 2023**
**Kozhikode**

Item Code: 640 Participant Code: 111

ആ പ്രതിധ്വനിയുടെ പ്രഭാവത്തെ ഒരിക്കൽകൂടി ഏറ്റെടുക്കാൻ സാധിക്കാത്തതുകൊണ്ടാകാം 'അവൾ' തന്റെ ഇരുകൈകളെയും കാതുകൾക്ക് സഹായത്തിനായയച്ചു. കണ്ണുകളും പതിയെ മുറുക്കിയടച്ചു.

"സാക്ഷീദീ... അല്ലാ; ദീദി ഇവിടെ നിക്കുവാണോ? താഴെ അന്വേഷിക്കുന്നുണ്ട്. ഇന്ന് വന്നവരിൽ ഒരു ദീദി മലയാളിയാണത്രേ!" - അപാലയാണ്. സാക്ഷിയുടെ ദൃഷ്ടിയിൽ ഇവൾ അബലയാണ്. സ്വന്തം മാതുലൻ അവളെ ഇവിടെക്കൊണ്ടുവന്ന് ഉപേക്ഷിക്കുമ്പോൾ "അരുത്" എന്ന് പറയാനുള്ള ബലം 'അവൾക്കില്ലാതെപോയി.
"ദീദി... എന്താ ഇത്ര ആലോചന?" സാക്ഷി അത് കേട്ടില്ല. അല്ലെങ്കിലും എന്തിന് അപാലയെ പഴിക്കുന്നു? അവൾ ഇവിടെ എത്തിയത് 15 വയസ്സ് തികയുന്നതിന് മുമ്പാണ്. 21-ാം വയസ്സിൽ ഇവിടെ എത്തുന്നതുവരെ തനിക്കുപോലും ചതി തിരിച്ചറിയാൻ കഴിഞ്ഞില്ലല്ലോ..." "അപ്പു ബെല്ല്... ദീദി ഇത്തിരികൂടി കഴിഞ്ഞ് വരാം..." സാക്ഷി അവളുടെ താടി പിടിച്ച് മുഖം മുകളിലോട്ടുയർത്തി താൻ വച്ചിരുന്ന പൊട്ട് അവളുടെ നെറ്റിയിൽ തൊടുവിച്ചു. അപാലയുടെ കോമളമായ ചുണ്ടുകളുടെ അറ്റത്ത് ഉണങ്ങാൻ ശ്രമിക്കുന്ന ഒരു വ്രണം ശ്രദ്ധിച്ച് സാക്ഷി പെട്ടെന്ന് തലേന്നത്തെ സംഭവം ഓർത്തു. ആ ദുഷ്ടന്റെ ക്രൂരത ഈ കുഞ്ഞിന് സഹിക്കാനാകില്ല എന്നറിഞ്ഞിട്ടും

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

അരുന്ധതിദീ എന്തിനാണിവളെ അങ്ങോട്ട് പറഞ്ഞുവിട്ടത്. ഓരോന്നാലോചിക്കുമ്പോൾ തലപെരുക്കുന്നുണ്ട്. എന്നാൽ അന്നം കിട്ടണമെങ്കിൽ 'അവൾക്കും' മൗനം അവലംബിച്ചേ മതിയാകൂ. അപാലയുടെ കവിളുകളിൽ വിശ്രമിക്കുകയായിരുന്ന തന്റെ കൈകളിൽ നനവു പടർന്നത് സാക്ഷി തിരിച്ചറിഞ്ഞു. "എന്താ ദീദി നമ്മൾ മാത്രം ഇങ്ങനെ ജീവിക്കുന്നത്? നമുക്ക് മാത്രം എന്തുകൊണ്ട് സന്തോഷിക്കാനുള്ള വകയില്ലാതെപോയി? നഗരത്തിലെ സ്ത്രീകളെല്ലാം രാവിലെ കുളിച്ചൊരുങ്ങുമ്പോൾ ഈ വലക്കെണിയിൽ അകപ്പെട്ടതുകൊണ്ടാണോ നമ്മൾ മാത്രം രാത്രിയിലേക്ക് ഒരുങ്ങുന്നത്?" അവളോട് എന്തുത്തരമാണ് പറയേണ്ടതെന്നറിയാതെ സാക്ഷി അവളുടെ മിഴികളെ ഉറ്റുനോക്കിക്കൊണ്ടിരുന്നു. "എല്ലാം വിധിയാണ് മോളേ... എല്ലാത്തിനും കാരണവും..." ഉള്ളിൽ എരിഞ്ഞുപൊട്ടാറായ ഒരു അഗ്നിപർവ്വതം ഉടലെടുക്കുമ്പോഴും സാക്ഷി അവളെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു. അവസാനത്തെ വാക്കുകൾ ഉച്ചരിക്കുമ്പോൾ 'അവളുടെ' ശബ്ദവും തന്നെ ഇടറിയിരുന്നു.

അപാല താഴേക്ക് പോയതോ പിന്നീട് അരുന്ധതി മുകളിലേക്ക് കയറി വന്നതോ ഒന്നും സാക്ഷി അറിഞ്ഞില്ല. 'അവൾ' ഓർക്കുകയായിരുന്നു... തന്നെപ്പറ്റി... തന്റെ വീട്ടുകാരെപ്പറ്റി... ശേഖറിനെപ്പറ്റി... ഓർമ്മകൾ 'അവളെ' വീർപ്പുമുട്ടിച്ചു. പാതിയടഞ്ഞ ജനാലകളെ മലർക്കെ തുറന്ന് 'അവൾ' വീണ്ടും ഓർമ്മകളിൽ

തിരിഞ്ഞു. 'ദീദി!' അപാല വിളിച്ചു. ആ വിളി കേൾക്കാനാണ് ഓർമ്മവെച്ച പ്രായം മുതൽ താൻ ആഗ്രഹിച്ചത്. ദക്ഷിണേന്ത്യയിലെ താൻ ജനിച്ചു വളർന്ന കുടുംബത്തിലെ തികച്ചും സാധാരണക്കാരായ തന്റെ മാതാപിതാക്കൾക്ക് അന്നൊന്നും തന്റെ മാനസികാവസ്ഥയെ ഗ്രഹിക്കാൻ കഴിഞ്ഞിരുന്നില്ല. ശരീരത്തിന് ഭിന്നമായ ഒരു മനസ്സാണ് തന്റേതെന്ന് പലതവണ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിച്ചതാണ്. ആരും ചെവിക്കൊണ്ടില്ല, അല്ലെങ്കിൽ കേൾക്കുന്നില്ല എന്ന് നടിച്ചു. അന്ന് തന്നെ കേൾക്കാനുള്ള സന്മനസ്സുകാണിച്ച ഏക യുവാവ് — ശേഖർ. തന്നെയും തന്റെ പ്രശ്നങ്ങളെയും കേൾക്കാൻ അവൻ സജ്ജനായിരുന്നു. ജ്യേഷ്ഠതുല്യനായ ശേഖർ തന്നെയാണ് ഒടുവിൽ തന്നെ 'സാക്ഷി' യാകാൻ സഹായിച്ചത്. അദ്ദേഹത്തിന്റെ കാരുണ്യത്താൽ അന്ന് സർജ്ജറിക്കു പോയ മനു തിരിച്ചെത്തിയത് സാക്ഷിയായാണ്. തന്റെ സ്വഭാവത്തിലെ പെൺചേഷ്ടകളെ കളിയാക്കിയതിനാലാണ് 9-10 ക്ലാസ്സിൽ പഠനം നിറുത്തിയത്. എന്നാൽ ഇനി തുടരണം. തന്നെ വെറുപ്പോടെ മാത്രം നോക്കുന്ന അമ്മ ആഗ്രഹിച്ചിരുന്നത് പോലെ പഠിച്ച് കളക്ടറാകണം. മനുവിന് സാധിക്കാത്തത് സാക്ഷി നേടി കാണിച്ചുകൊടുക്കണം. സർജ്ജറിക്കായി മൂന്ന് മാസം വീട്ടിൽനിന്ന് അകന്നാണ് കഴിഞ്ഞിരുന്നത്. തന്നെ ഈ രൂപത്തിൽ അമ്മ ഇഷ്ടപ്പെടുമെന്ന് പ്രത്യാശിച്ച് തിരികെ വീട്ടിൽച്ചെന്നു. "ഓ... ഈ അസത്ത് പോയിക്കിട്ടിയെന്നാ വിചാരിച്ചേ.. എന്തിനാ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

വീണ്ടും നിന്നെ ഞങ്ങളോട്ട് തന്നെ കെട്ടിയെടുത്തത്..? ശല്യം!"
ഇത്രയും വാക്കുകൾ തന്നെ ധാരാളമായിരുന്നു അമ്മക്കും വീട്ടുകാർ-
-ക്കും തന്നോടുള്ള മനോഭാവത്തെ വർണിക്കാൻ. വീണ്ടും ശേഖറിന്റെ
അടുത്തേക്ക്... ശേഖർ തന്നെയാണ് തന്നെ അന്ന് ഒരു
മദ്യപാനിയാക്കിയത്... മദ്യത്തിൽനിന്നും മറ്റുപലതിലേക്കും
തന്റെ ആവശ്യം നീണ്ടുതുടങ്ങി. അവൻ തന്നെ ലഹരിയുടെ
വലകളാൽ ബന്ധിച്ചു. പിന്നീട് എങ്ങനെയാണ് ജീവിതത്തിലേക്ക്
തിരിച്ചെത്തിയതെന്ന് ഓർക്കാൻ ആകുന്നില്ല. എല്ലാത്തിനും
പുറമെ തന്നെ മനസ്സിലാക്കാൻ ആകുന്നുണ്ടെന്നും സുരക്ഷിതമായി
നോക്കിക്കോളാമെന്നുമുള്ള ശേഖറിന്റെ പ്രണയാഭ്യർത്ഥനയെ
നിരസിക്കാനും ആയില്ല. അന്ന് വീട്ടുകാരിൽനിന്നും ലഹരിയിൽനിന്നും
തന്നെ രക്ഷിച്ച അവതാരപുരുഷനെ എങ്ങനെ അവിശ്വസി-
ക്കാനാണ്..! എല്ലാം ഒടുവിൽ ഈ വേശ്യാലയത്തിൽ
കലാശിച്ചു. അവൻ തന്നെ ഇവിടെ ഉപേക്ഷിച്ചുപോയി...
ഉപേക്ഷിച്ചതല്ല... വിറ്റതുതന്നെ! അവന്റെ കപട സ്നേഹം
എന്തായിരുന്നെന്ന് തിരിച്ചറിഞ്ഞപ്പോഴേക്കും വൈകിയിരുന്നു..,
ഒരുപാട്... ഓർമകൾ ഹൃദയത്തെ വീണ്ടും വീർപ്പുമുട്ടിച്ചു.
"അല്ലാ... അതു കൊള്ളാം! നീയിവിടെ സ്വപ്നം
കണ്ടിരിക്കുകയാണോ സീതാ..? അല്ലല്ല സാക്ഷി..! താഴേക്ക് വാ
സീതാ...!" തനിക്ക് ഇഷ്ടമല്ലെന്നറിഞ്ഞിട്ടും വീണ്ടും തന്നെ

അവർ വിളിക്കുന്നു 'സീത്'. "അരുന്ധതിദീ... ഞാൻ ദീദിയോട് എത്ര തവണ പറഞ്ഞിരിക്കുന്നു എന്നെ സാക്ഷിയെന്ന് വിളിക്കാൻ." 'അവൻ' മുഖമുയർത്തി ചോദിച്ചു: "ആഹാ... നീയല്ലേ നിനക്ക് 'സീത്' എന്ന പേര് ഇഷ്ടമാണെന്ന് പറഞ്ഞത്... നിന്റെ അമ്മയുടെ പേരല്ലേ അത്..? പിന്നെന്താ?" പുച്ഛമായിരുന്നു സ്വരത്തിൽ. "അതേ... എന്നാൽ ഇന്ന് ഞാൻ ആ പേരിനെ ഇഷ്ടപ്പെടുന്നില്ല... ആ പേര് എനിക്ക് ചേരുന്നതുമല്ല... സീത പവിത്രയാണ്; പതിവ്രതയാണ്! ഇവിടത്തെ വലക്കണ്ണികളിൽ ജീവിതം ഹോമിക്കുന്ന ഞാൻ കളങ്കമാണ്. ദയവുചെയ്ത് എന്നെ ആ പേര് വിളിച്ച് ആ പേരിനെത്തന്നെ ദീദി അപമാനിക്കരുത്. ..." മനസ്സിൽ ഉരുണ്ടുകൂടിയ എല്ലാം കവിഞ്ഞൊഴുകുകയായിരുന്നു. അട്ടഹസിച്ചുകൊണ്ട് അരുന്ധതി തിരിച്ചടിച്ചു: "അതിന് ഞാനാണോ നിന്നെ ഇങ്ങനെയാക്കിയത്...! നീയല്ലേ ഈ ജീവിതം തിരഞ്ഞെടുത്തത്? നീയല്ലേ നിന്നെ കളങ്കിതയാക്കിയത്? ചിന്തിച്ചുനോക്ക്... നീയല്ലേ കാരണം..." "അതെ ഞാൻ തന്നെയാണ് കാരണം... ഞാൻ മാത്രം... എന്നാൽ ഇനി എനിക്ക് മോചനമില്ല... ഇനി ജീവിതം മാത്രമല്ലേ ബാക്കിയുള്ളത്... ജീവിക്കണം... എനിക്കും ജീവിക്കണം..." ആ സ്വരം ദൃഢമായിരുന്നു. കണ്ണുകളിൽ നിന്നും പ്രവഹിക്കുന്ന കണ്ണുനീരിനെ

Item Code: 640 Participant Code: 111

ഗൗനിക്കാതെ 'അവൾ' ജനാലക്കരികിലെ അലമാര തുറന്നു. ഒരു ഡസൻ കുപ്പിവളകളെടുത്ത് ഇരു കരങ്ങളിലും അണിഞ്ഞു. കുങ്കുമവും കൺമഷിയും ആ മുഖത്തെ പ്രകാശമാനമാക്കി. പകൽ മാത്രം ഉറങ്ങുന്ന 'അവളുടെ കണ്ണുകളെ മനോഹരമാക്കാൻ ആ കൺമഷി മറന്നില്ല. അലസമായി കിടന്നിരുന്ന മുടിയും പിന്നിക്കൊണ്ട് ഗോവണി ഇറങ്ങുന്ന 'അവളെ' നോക്കി അശ്വതി ചോദിച്ചു:- "എന്താ ചിരിക്കാൻ മറന്നുപോയോ, സാക്ഷീ...."

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)